# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3563 — 20.06.2019-ൽ മറുപടിക്ക്

**മാവോയിസ്റ്റ് നേതാവ് വെടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മാവോയിസ്റ്റ് നേതാവ് സി.പി.ജലീൽ വയനാട് വൈത്തിരിയിൽ വെടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) ക്രൈം ബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ച് വരുന്നു. കൂടാതെ മജിസ്ട്രേറ്റ് തല അന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) ഈ സംഭവത്തിൽ യഥാർത്ഥ വസ്തുതകൾ കണ്ടെത്താനെന്ന പേരിൽ ചില സംഘടനകൾ സമാന്തര അന്വേഷണം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകൾ എന്ന് വിശദമാക്കുമോ; | (ബി) സംഭവത്തിൽ വസ്തുതകൾ കണ്ടെത്താനെന്ന പേരിൽ പോരാട്ടം, ജെ.എം.പി, ആർ.ഡി.എഫ്, പി.ഡി.എസ്, എൻ.സി.എച്ച്.ആർ.ഒ മുതലായ സംഘടനകൾ സംയുക്തമായി ഒരു സമാന്തര അന്വേഷണം നടത്താൻ ശ്രമം നടത്തിയതായി അറിവായിട്ടുണ്ട്. |
| (സി) സി.പി. ജലീലിന്റെ മരണവുമായി ബന്ധപ്പെട്ട ദുരൂഹത നീക്കുന്നതിന് വസ്തുതാ അന്വേഷണ അനുവാദം ചോദിച്ച് ഈ സംഘടനകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ? | (സി) സമീപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ